കൊണ്ടോട്ടി പഞ്ചായത്ത് നഗരസഭയായി ഉയർത്തണമെന്ന ആവശ്യം

107. [872] ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പഞ്ചായത്ത് നഗരസഭയായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊണ്ടോട്ടി നഗരസഭ രൂപീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) കൊണ്ടോട്ടി, നെടിയിരിപ്പ്, പുളിക്കിൽ, പള്ളിക്കൽ, ചെറുകാവ് എന്നീ പഞ്ചായത്തുകൾ സംയോജിപ്പിച്ചുകൊണ്ട് കരിപ്പൂർ മുനിസിപ്പാലിറ്റി രൂപീകരിക്കണമെന്ന ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിവേദക കക്ഷിയെ കോഴിക്കോട് ഉത്തരമേഖല നഗരകാര്യ ജോയിന്റ് ഡയറക്ടർ നേരിൽ കേട്ടിട്ടുള്ളതാണെങ്കിലും ഈ ആവശ്യത്തിനടിസ്ഥാനമായ വസ്തുതകളോ, രേഖകളോ, മറ്റു വിവരങ്ങളോ ഹരജിക്കാരൻ ഹാജരാക്കിയിരുന്നില്ല. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കൊണ്ടോട്ടി ആസ്ഥാനമായി ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

കരുവട്ടൂർ ഗ്രാമപഞ്ചായത്ത് നിയമവിധേയമല്ലാതെ ഓണറേറിയം നല്കിയതിനെതിരെ നടപടി

108. [873] ശ്രീ. യു.സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്ത് ലൈബ്രേറിയന് നിയമവിധേയമല്ലാതെ ഓണറേറിയം നൽകിയ തുക തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഇങ്ങനെ ഉത്തരവാദിത്വരഹിതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയോഗിക്കേണ്ട വ്യവസ്ഥ പ്രകാരമല്ല കരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനെ നിയോഗിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കുറ്റക്കാർക്കെതിരെയുള്ള അച്ചടക്ക

LIBRARY ARCHIVES Kerala Legislative Assembly